സിനോപ്സിസ്

പൂന്താനം കവിത
ക്രൈസ്തവ ദർശനത്തിന്റെ പശ്ചാത്തലത്തിൽ

by

ബന്നിച്ചൻ സ്കറിയാ
മലയാളവിഭാഗം
പാവനാത്മാ കോളേജ്
മുരിക്കാശ്ശേരി.

ആമുഖം

ഭൂതാംശങ്ങളിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരത്തിന്റെ അഭൗതിക വികാസമായ ഊർജസത്രേ ജ്ഞാനം. ജ്ഞാനത്തിന്റെ ജ്ഞാനശാസ്ത്രമാണ് ദർശനം. ദൃശ്യപ്രപഞ്ചത്തിന് പിന്നിലുള്ള പരമയാഥാർത്ഥ്യത്തെ അതായത് അനശ്വരസത്യത്തെ കണ്ടെത്താനുള്ള അന്വേഷണമാണ് എല്ലാ ചിന്തകന്മാരും നടത്തുന്നത്. എല്ലാ ദർശനങ്ങളും ജീവിതമാകുന്ന സന്ദർഭത്തോട് ചേർന്നു നിൽക്കുന്നു. സജീവങ്ങളായ വിശ്വാസങ്ങളും പാരമ്പര്യങ്ങളും ശാസ്ത്രീയധാരണകളും ഇതിഹാസകഥകളും എല്ലാമുള്ള സ്വന്തം കാലഘട്ടത്തോട് ഇണങ്ങി നിൽക്കുന്നവരാണ് ദാർശനിക ചിന്തകന്മാർ. ഭൂതകാലത്തിലെ ഗ്രന്ഥകാരന്മാരുടെ രചനകളിൽ നിന്ന് എന്തെങ്കിലും ഉൾക്കാഴ്ച നമുക്ക് കിട്ടണമെങ്കിൽ അവരെ നാം നമ്മിൽ നിന്ന് അകറ്റി നിർത്തുകയും, കാലത്തിൽ അവർക്കുള്ള ദൂരത്തെ അടിവരയിട്ടു കാണിക്കുകയും നമ്മിൽ നിന്ന് പല വിധത്തിലും എത്രമാത്രം വ്യത്യസ്തരാണ് അവരെന്ന് മനസ്സിലാക്കുകയും വേണം. ആചാര്യന്മാർ തങ്ങളുടെ ലോകത്തെ എങ്ങനെ മനസ്സിലാക്കിയോ ആ നിലക്കു തന്നെ നമ്മുടെ ലോകത്തെ മനസ്സിലാക്കാനും അനുഭവിക്കാനും പഠിച്ചാൽ മാത്രമേ അവരുടെ ചിന്ത മനസ്സിലാക്കാൻ നമുക്ക് കഴിയൂ. ഭാരതീയന്റെ വിവാദരഹിതമായ പൈതൃകത്തിന്റെ അടയാളങ്ങളാണ് ഭാരതീയ ദർശനങ്ങൾ. ‘‘പൂന്താനം കവിതയിലെ ദാർശനികത ക്രൈസ്തവദർശനത്തിന്റെ പശ്ചാത്തലത്തിൽ ’’ എന്ന വിഷയമാണ് ഗവേഷണപഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

പൂന്താനം കൃതികളായ ‘സന്താനഗോപാലം പാന,’ ‘ജ്ഞാനപ്പാന,’ ‘ഭാഷാകർണ്ണാമൃതം,’ ‘നാരായണീയസ്തോത്രങ്ങൾ’ എന്നിവയാണ് ഗവേഷണ പ്രബന്ധത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്. മലയാളത്തിൽ ഹൈന്ദവദർശനം അവതരിപ്പിച്ച പ്രമുഖ കവിയാണ് പൂന്താനം. അനശ്വരസത്യത്തെ കണ്ടെത്താനുള്ള അന്വേഷണമാണ് അദ്ദേഹത്തിന്റെ കവിതയിൽ കാണുന്നത്.

ഭൗതികശാസ്ത്രത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയോടൊപ്പം ദർശനങ്ങളെപ്പ റ്റിയുള്ള ബോധ്യവും വളർന്നിട്ടില്ലെങ്കിൽ സന്തുലിതാവസ്ഥക്ക് ഇളക്കം തട്ടാൻ അത് കാരണമാകും. ആന്തരസംഘർഷം കുറയ്ക്കാൻ ദർശനമനനം പോലെ ഉപകരിക്കുന്ന മറ്റൊന്നില്ല. ഭൗതിക ജീവിതത്തിന്റെ ആന്തരപ്രപഞ്ചത്തെ പ്രതി പാദിക്കുന്ന ദർശനങ്ങളെപ്പറ്റി അറിയുന്നതും വിചാരം ചെയ്യുന്നതും ഭൗതികജീ വിതത്തിന് അസ്വസ്തത കൂടിയ ഈ കാലഘട്ടത്തിന് ഉപകാരപ്രദമായിരിക്കും. ജീവിതത്തിന്റെ സമരസതക്കും യഥാർത്ഥ ജ്ഞാനത്തിന്റെ ഉദയത്തിനും ദർശന ചിന്ത അത്യാവശ്യമാണ്. വിചാരങ്ങളുടെ തുടക്കത്തിൽ ശാന്തിക്കും സമാധാന ത്തിനും ദർശനങ്ങൾ സഹായിക്കുന്നു. ഹൈന്ദവദർശനത്തിന്റെ തെളിമ നിറഞ്ഞു നിൽക്കുന്ന പൂന്താനം കവിതയെ ക്രൈസ്തവദർശനത്തിന്റെ പശ്ചാത്തലത്തിൽ ഇതുവരെ ആരും പഠനവിഷയമാക്കിയിട്ടില്ല. ‘‘പൂന്താനം കൃതികൾ ഒരു പഠനം,’’ ‘‘പൂന്താനത്തിന്റെ വിഭക്തി,’’ ‘‘പൂന്താനവും ഭക്തിപ്രസ്ഥാനവും’’ തുടങ്ങിയ പഠനങ്ങൾ പൂന്താനം കവിതയുടെ സാഹിത്യശൈലി, കാലഘട്ടത്തിന്റെ പ്രത്യേ കത, പൂന്താനത്തിന്റെ ഭക്തി, എന്നിവ വിവരിക്കുന്നതല്ലാതെ പൂന്താനം കവിത യിലെ ക്രൈസ്തവദർശനം എന്ന വിഷയത്തെപ്പറ്റി ആധികാരികമായ ഒരു പഠനം ഉണ്ടായതായി അറിവില്ല. പൂന്താനം കൃതികളുടെ മുഖ്യധാര ഭാരതീയ ദർശനമാ ണ്. മനുഷ്യജീവിതവും ദൃശ്യപ്രപഞ്ചത്തിലെ വസ്തുക്കളുമെല്ലാം നശ്വരമാ ണെന്ന അനുഭവജ്ഞാനത്തിൽ നിന്ന് ഉരുത്തിരിയുന്ന ചിന്താധാരയാണ് ഭാര തീയ ദർശനത്തിന്റെ അടിത്തറ. ബുദ്ധന്റെ കാലഘട്ടം ഭാരതത്തിൽ ദാർശനികാ വേശത്തിന്റെ കാലഘട്ടമായിരുന്നു. ചരിത്രപരമായ ഒരു പാരമ്പര്യത്തിൽ കഠി നമായ ആക്രമണം നേരിടുമ്പോഴാണ് തത്ത്വവിചാരം അഭിവൃദ്ധിപ്പെടുന്നത്. ആ സന്ദർഭത്തിൽ ജനങ്ങൾ പ്രാചീനപദ്ധതികൾക്കനുസരിച്ച് തങ്ങളുടെ പൂർവ്വപി താക്കൾ നിർണയിച്ച മൗലികപ്രശ്നങ്ങളെ വീണ്ടും ഉന്നയിക്കാനും മനനം ചെയ്യാനും നിർബന്ധിതരായി. മഹാത്മാരായ ബൗദ്ധചിന്തകന്മാർക്ക് സർവ്വ

വ്യാപകമായ ഖണ്ഡനവിമർശനങ്ങൾക്കാവശ്യമായ തീവ്രായുധങ്ങളുടെ നിർമ്മാണ ശാലയായിരുന്നു തർക്കശാസ്ത്രം.

പ്രാചീനാചാര്യന്മാർ ലൗകീകജീവിതത്തിന്റെ സങ്കീർണതകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി വനാന്തരങ്ങളിലെ ഗുഹകൾ തേടിനടന്ന യതിവര്യന്മാർ ആയിരുന്നില്ല. പരബ്രഹ്മത്തെപ്പറ്റിയോ മരണാനന്തര ജീവിതത്തെപ്പറ്റിയോ അല്ല മറിച്ച് ഐഹികജീവിതം പരിഷ്കരിക്കേണ്ടതെങ്ങനെയെന്നതിനെപ്പറ്റിയാണ് അവരന്വേഷിച്ചത്. ജീവിതത്തെ അതിന്റെ പൂർണതയിലും വൈവിധ്യത്തിലും അവരംഗീകരിച്ചു. അവർ അപരിഷ്കൃതരായിരുന്നെങ്കിലും ജീവിതത്തെ സ്നേഹിച്ചു. ജീവിതത്തോടുള്ള ആഭിമുഖ്യമാണ് മനുഷ്യന് ബുദ്ധിമുട്ടുകളേയും എതിർപ്പുകളേയും നേരിടാനുള്ള കരളുറപ്പ് നൽകിയത്. എല്ലാത്തരം വിഘ്നങ്ങളേയും തട്ടിത്തകർത്തുകൊണ്ട് മുമ്പോട്ടു പോകാനുള്ള വ്യഗ്രതയും ഭാവിയിലുള്ള ശുഭാപ്തിവിശ്വാസവും ഭാരതീയ ദർശനങ്ങളിൽ ഉടനീളം കാണാവുന്നതാണ്. ജീവിതസമരത്തിൽ വിജയം നോടാനുള്ള അടങ്ങാത്ത ആഗ്രഹവും കൂട്ടായ ജീവിതത്തിൽ നിന്നു ലഭിച്ച ആത്മവിശ്വാസവും പ്രാചീനാചാര്യന്മാരുടെ ദർശനത്തിന്റെയും ജീവിതത്തിന്റെയും അടിസ്ഥാനതത്ത്വം. പൂന്താനം കവിതയുടെ അടിസ്ഥാനമായി നിൽക്കുന്ന ദർശനം ഹൈന്ദവദർശനം തന്നെയാണ്. പഠന സൗകര്യത്തിനായി പ്രബന്ധ ഗാത്രത്തെ ഹൈന്ദവദർശനം, ക്രൈസ്തവദർശനം, പൂന്താനം കവിതയിലെ ദർശനങ്ങൾ, ഉപസംഹാരം എന്നിങ്ങനെ നാലായി വിഭജിച്ചിരിക്കുന്നു.

I ഹൈന്ദവ ദർശനം

ഹൈന്ദവ ദർശനത്തിന്റെ സത്തയെക്കുറിച്ചുള്ള അന്വേഷണമാണ് ഹൈന്ദവദർശനം എന്ന ഒന്നാം അധ്യായത്തിൽ നിർവഹിച്ചിരിക്കുന്നത്. വേദങ്ങളിലും ഉപനിഷത്തുകളിലുമാണ് ഭാരതീയതത്ത്വചിന്തയുടെ തുടക്കം. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ആന്തരിക സ്വഭാവത്തെക്കുറിച്ചുള്ള പഠനം എന്ന അർത്ഥത്തിലാണ്

പ്രാചീനന്മാർ തത്ത്വജ്ഞാനം അല്ലെങ്കിൽ ദർശനം എന്ന പദം ഉപയോഗിക്കുന്നത്. ആരംഭത്തിൽ സയൻസും തത്ത്വജ്ഞാനവും വേർതിരിക്കാനാവാത്തവിധം കെട്ടിപ്പിണഞ്ഞാണ് കിടന്നിരുന്നത്. ഇന്ത്യയിലെ പ്രാചീനതത്ത്വജ്ഞാനികൾ എല്ലാറ്റിനേയും സമഗ്രമായി പരിശോധിച്ചു. പ്രകൃതി, പ്രപഞ്ചം, മനുഷ്യൻ, ജ്ഞാനം, ചിന്ത, പ്രജ്ഞ, ജീവിതം, മരണം എല്ലാം അവരുടെ സൂക്ഷ്മമായ അന്വേഷണങ്ങൾക്ക് വിധേയമായി. ചിന്തകന്മാർ വ്യത്യസ്തരീതികളിലാണ് ഈ ചോദ്യങ്ങളെ സമീപിച്ചത്. അതുകൊണ്ട് അവരുടെ നിഗമനങ്ങളും വ്യത്യസ്തങ്ങളായിരുന്നു. സത്യമേതാണെന്നതിനെപ്പറ്റി നീണ്ടുനിന്ന ചർച്ചകളും ചൂടു പിടിച്ച വാദപ്രതിവാദങ്ങളും നടന്നു. ഈ അഭിപ്രായ സംഘട്ടനങ്ങളിലൂടെയാണ് വിഭിന്നങ്ങളായ ദർശനങ്ങൾ രൂപപ്പെട്ടത്. വെള്ളം, വായു, അഗ്നി, ഭൂമി എന്നിവയാണ് പ്രപഞ്ചത്തിന്റെ മൂലഘടകങ്ങൾ എന്നു വാദിച്ചുകൊണ്ട് ഉദയം ചെയ്തതാണ് ചാർവ്വാകദർശനം. അവ്യക്തമായ മൂലപ്രകൃതിയിൽ നിന്നാണ് പ്രപഞ്ചം ഉണ്ടായതെന്ന് സാംഖ്യദർശനം പഠിപ്പിക്കുന്നു. ചിത്തവൃത്തി നിരോധത്തിലൂടെ മാത്രമേ സത്യം കണ്ടെത്താൻ കഴിയൂ എന്ന് യോഗദർശനം വ്യക്തമാക്കുന്നു. സാമാന്യവും വിശേഷ്യവും തമ്മിലുള്ള ബന്ധത്തിന്റെ വിശകലനമാണ് സത്യാന്വേഷണമെന്നും പരമാണുവാണ് പ്രപഞ്ചപരിണാമത്തിന്റെ ആദിമൂലം എന്നും വൈശേഷികദർശനം വാദിക്കുന്നു. പ്രപഞ്ചത്തിന്റെ മൂലഘടകമായ പരമാണുവിനെ ശരിയായ ജ്ഞാനം കൊണ്ട് മാത്രമേ മനസ്സിലാക്കാൻ കഴിയൂ എന്ന് ന്യായദർശനം പഠിപ്പിക്കുന്നു. മന്ത്രങ്ങളുടേയും യജ്ഞാദികർമ്മങ്ങളുടേയും ശക്തികൊണ്ട് ലോകത്തെ മാറ്റിമറിക്കാൻ കഴിയുമെന്ന് പൂർവ്വമീമാംസാദർശനം വാദിക്കുന്നു. വേദന്തദർശനമാകട്ടെ ബ്രഹ്മമാണ് പരമസത്ത എന്നു പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിൽ നിലനിൽക്കുന്നതെല്ലാം അസ്ഥിരവും അനവരതം മാറിക്കൊണ്ടിരിക്കുന്നതാണെന്നും അതുകൊണ്ട് അനശ്വരമായ ആത്മാവിനോ ദൈവത്തിനോ സ്ഥാനമില്ലെന്നും ബൗദ്ധദർശനം ഉദ്ഘോഷിക്കുന്നു. ജൈനദർശനമാകട്ടെ അനാദികാലം മുതലേ നിലനിന്നു പോന്ന പ്രപഞ്ചം ആരാലും സൃഷ്ടിക്കപ്പെട്ടതല്ലെന്നും ഭൗതികപദാർത്ഥമെന്നതുപോലെ തന്നെ ആത്മാവും യഥാർത്ഥമാണെന്ന് വാദിക്കുകയും ചെയ്യുന്നു. ബൃഹസ്പദി, കപിലൻ, ഗൗതമൻ, കണാദൻ, പദജ്ഞലി, ജൈമിനി, ബാദരായണൻ, ബുദ്ധൻ, വർദ്ധമാനമഹാവീരൻ തുടങ്ങിയവരാണ് യഥാക്രമം ഈ ചിന്താ പദ്ധതികളുടെ സൂത്രധാരന്മാരായി പ്രവർത്തിച്ചത്.

മിക്ക ദർശനങ്ങളും സൂത്രങ്ങളുടെ രൂപത്തിലാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. കാലക്രമത്തിൽ സൂത്രങ്ങളുടെ ഭാഷ്യങ്ങളും ഭാഷ്യങ്ങളുടെ വ്യാഖ്യാനവും രചിക്കപ്പെട്ടു. പ്രാരംഭരൂപത്തിൽ നിലനിന്നിരുന്ന താത്ത്വികചിന്തകൾ സൂത്രങ്ങളാക്കി ക്രോഡീകരിക്കുകയാണ് ചെയ്തത്. സൂത്രരൂപത്തിലാണെങ്കിൽ എത്ര തന്നെ ഗഹനങ്ങളായ തത്ത്വങ്ങളും ഉരുവിട്ടു പഠിക്കാനും ഓർമ്മയിൽ സൂക്ഷിക്കാനും കഴിയുന്നു. അതുകൊണ്ടുതന്നെയായിരിക്കണം ഈ രൂപം സ്വീകരിക്കപ്പെട്ടത്.

മനുഷ്യന്റെ സുഖവും ശ്രേയസ്സും ഉൽക്കർഷവുമാണ് എല്ലാ ദർശനങ്ങളുടേയും പൊതുലക്ഷ്യം. എന്തുകൊണ്ടാണ് മനുഷ്യൻ ദുഃഖിക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്നത്? ദുഃഖത്തിന്റെ യഥാർത്ഥ കാരണമെന്താണ്? അത് നിർമാർജനം ചെയ്യാൻ കഴിയുമോ? കഴിയുമെങ്കിൽ എങ്ങനെ? ഇതൊക്കെയായിരുന്ന എല്ലാ ദർശനങ്ങളുടേയും മുഖ്യവിഷയങ്ങൾ. അസ്തിത്വത്തിന്റെ ക്ലേശങ്ങളിൽ നിന്നും രക്ഷനേടാൻ ആവശ്യമായ ജ്ഞാനസിദ്ധിയായിരുന്നു അവരുടെ ഉദ്ദേശ്യം. മോക്ഷം എന്ന സങ്കല്പത്തിന് മിക്ക ഭാരതീയ ചിന്തകളിലും വലിയ സ്ഥാനമാണ് നൽകിയിരിക്കുന്നത്. ദുരന്തങ്ങളവസാനിപ്പിച്ചു കഴിഞ്ഞ ഒരു സ്ഥിതി വിശേഷത്തെയാണ് എല്ലാ ദർശനങ്ങളിലും മോക്ഷം അഥവാ മോചനം എന്ന പൊതുസങ്കല്പം പ്രതിനിധാനം ചെയ്യുന്നത്. ജീവിതത്തിലെ ഭൗതികവും നൈതികവുമായ ദുരന്തങ്ങളുടെ സമ്മർദ്ദങ്ങളിൽ നിന്നുണ്ടായ പ്രായോഗികാവശ്യത്തിൽ നിന്നാണ് ഹൈന്ദവദർശനം ആവിർഭവിച്ചത്. വിശ്വചിന്താഭണ്ഡാഗാരത്തിലേക്ക് മികച്ച സംഭാവനകൾ നൽകിയ ഭാരതീയ ദർശനത്തിൽ ആത്മീയവാദമുണ്ട് ഭൗതികവാദമുണ്ട്. പ്രതിലോമപരവും പുരോഗമനപരവുമായ ഘടകങ്ങൾ ഉണ്ട്. പരിപൂർണതയിലേക്കുള്ള മനുഷ്യന്റെ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതും തടസ്സപ്പെടുത്തുന്നതുമായ ഘടകങ്ങളുണ്ട്. ഇന്ത്യൻ ജനത ശതാബ്ദങ്ങളിലൂടെ ആർജിച്ചെടുത്ത സൈദ്ധാന്തികാനുഭവങ്ങളാണവ. ഈ ദർശനത്തെ വിലയിരുത്തുകയും വിശകലനം ചെയ്യുകയുമാണ് ഇവിടെ ലക്ഷ്യം.

II ക്രൈസ്തവ ദർശനം

ക്രൈസ്തവദർശനത്തിന്റെ മുഖ്യധാരകളെ വിശകലനം ചെയ്യുകയാണീ അധ്യായത്തിന്റെ ലക്ഷ്യം. ലോകത്തിൽ പ്രത്യാശയും ആനന്ദവും ദുഃഖവും ആശ

ങ്കയും അത്ഭുതകരമായവിധം ഇടകലർന്നു കാണപ്പെടുന്നു എന്നതാണ് ക്രൈസ്തവദർശനത്തിന്റെ അടിസ്ഥാനം. പ്രത്യാശയും ആനന്ദവും ജീവിതത്തിലെ വളരെ വ്യക്തമായ അനുഭവങ്ങളാണ്. സൃഷ്ടി എപ്പോഴും സ്രഷ്ടാവിന്റെ മഹത്വത്തെ അനുസ്യൂതം പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ തന്റെ കലാബോധവും ബുദ്ധിപാടവവും വഴി ആത്മനിർവൃതിയും ആനന്ദവും അനുഭവിക്കുന്നു. ഇതുപോലെ തന്നെ ദുഃഖവും ആശങ്കയും ജീവിതത്തിന്റെ സാക്ഷാത്തായ അനുഭവങ്ങളാണ്. ജീവിതത്തെ സംബന്ധിക്കുന്ന രഹസ്യം അഗാധവും സങ്കീർണ്ണവുമാണ്. വിശ്വാസത്തിന്റെയും പ്രത്യാശയുടേയും സ്നേഹത്തിന്റെയും ജീവിതം മനുഷ്യൻ ലോകത്തിൽ ആരംഭിക്കുകയും അതുവഴി ദൈവസ്നേഹത്തിന്റെ ശക്തിയിലും ആനന്ദത്തിലും ഭാഗഭാക്കാകുകയും ചെയ്യുന്നുവെന്നാണ് ക്രൈസ്തവ ദർശനം പഠിപ്പിക്കുന്നത്. ഈ ലോകജീവിതം തികച്ചും യഥാർത്ഥവും പ്രത്യാശാപൂർണ്ണവുമാണ്. ദൈവദർശനത്തെ പ്രതീക്ഷിക്കുന്ന വിശ്വാസത്തിന്റെയും അഭിലാഷങ്ങളുടെ നിവൃത്തിക്കുവേണ്ടി ദാഹിക്കുന്ന പ്രത്യാശയുടേയും ശൈഥില്യങ്ങളുടെ ശ്രേണികളെ സംയമനത്തോടെ സഹിക്കുന്ന സ്നേഹത്തിന്റെയും ജീവിതമാണ് മനുഷ്യന്റെ ഈ ലോകവാസം. അത്ഭുതാവഹമാംവിധം പുരോഗമിച്ചിട്ടുള്ള ലോകം ഏതെല്ലാം ജീവിതാനന്ദങ്ങൾ മനുഷ്യനു നല്കിയാലും അവയെക്കെല്ലാം ഉപരിയായ ഏതോ ഒന്നിനുവേണ്ടിയുള്ള അന്വേഷണം അവനിൽ അവശേഷിക്കുന്നതായി ക്രൈസ്തവദർശനം സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനായി ഒരു നിത്യജീവിതംതന്നെ ആവശ്യമാണെന്ന് സിദ്ധിക്കുന്നു. എങ്കിലും സ്വർഗ്ഗത്തിലെ ജീവിതം മാത്രമല്ല മനുഷ്യന് വിലപ്പെട്ടത്. അന്ധകാരനിബിഡവും ക്ലേശപൂർണ്ണവുമാണ് ലോകജീവിതമെങ്കിലും ദൈവത്തേയും മനുഷ്യരേയും സേവിക്കുക എന്നത് ശ്രേഷ്ഠമായ ഒരു നന്മയാണ്. നേരെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാനല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്; അവൻ ഈ ലോകത്തിൽ ജീവിച്ചും ദൈവാനുഗ്രഹങ്ങളോട് സഹകരിച്ച് ഉദാരമായ രീതിയിൽ സൽകൃത്യങ്ങൾ നിർവ്വഹിക്കുകയും അതുവഴി സ്വർഗ്ഗത്തിൽ എത്തിച്ചേരുകയും

ചെയ്യുക എന്നതാണ് മനുഷ്യനെ സംബന്ധിച്ച് ദൈവിക സംവിധാനം. സ്വർഗ്ഗീയ ജീവിതം ദാനമായി നല്കുവാനല്ല ദൈവം ആഗ്രഹിച്ചത് മറിച്ച് അർഹിക്കുന്ന ഒരു സമ്മാനമായി മനുഷ്യൻ അത് നേടിയെടുക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് ക്രൈസ്തവ ദർശനം വ്യക്തമാക്കുന്നു.

ഭാരതീയദർശനവും ക്രൈസ്തവ ദർശനവും മനുഷ്യജീവിതത്തെ സംബന്ധിച്ചു നോക്കുമ്പോൾ ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായി കാണാവുന്നതാണ്. സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ കിരണങ്ങൾ ഈ ദർശനങ്ങളിൽ നിഴലിച്ചു കാണുന്നു. മനുഷ്യന്റെ ആത്യന്തികമായ ലക്ഷ്യം മുക്തി അഥവാ നിത്യജീവിതം എന്ന് ഭാരതീയദർശനവും ക്രൈസ്തവ ദർശനവും പഠിപ്പിക്കുന്നു. ഭാരതീയ ദർശനങ്ങളുടെ അടിസ്ഥാനതത്ത്വങ്ങൾ വ്യാപിച്ചു കിടക്കുന്ന പൂന്താനം കവിതയെ ക്രൈസ്തദർശനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നതും വിലയിരുത്തുന്നതും തികച്ചും യുക്തിസഹമാണ്.

III പൂന്താനം കവിതയിലെ ദർശനങ്ങൾ

പൂന്താനം കവിതയിലെ ദർശന തലങ്ങൾ വിശദമാക്കുന്നതാണ് പൂന്താനം കവിതയിലെ ദർശനങ്ങൾ എന്ന മൂന്നാം അധ്യായം. മധുരവും ലളിതവുമായ പൂന്താന കാവ്യങ്ങളും കീർത്തനങ്ങളും ഒരു ഭക്തന്റെ ഈശ്വരോന്മുഖമായ അർച്ചനാസൂനങ്ങളാണ്. ഭക്തി, ആത്മാർത്ഥത, ആത്മസമർപ്പണം, ശോകം എന്നിവയിൽ നിന്നാണ് പൂന്താനം കൃതികളുടെ ഉള്ളടക്കം രൂപം കൊണ്ടിട്ടുള്ളത്. പൂന്താനം കൃതികളുടെ മുഖ്യപ്രേരകശക്തി ഭക്തിയായതുകൊണ്ട് അദ്ദേഹത്തിന്റെ കാവ്യപ്രതിഭ വേണ്ടത്ര പ്രകാശപ്പിച്ചിരുന്നില്ല എന്നല്ല അർത്ഥമാക്കുന്നത്. 'ജ്ഞാനപ്പാന'യെന്ന ഒറ്റക്കൃതിമതി അദ്ദേഹത്തെ കവികളുടെ നിരയിൽ അഗ്രസ്ഥാനത്തെത്തിക്കാൻ. 'സന്താനഗോപാലവും' 'ശ്രീകൃഷ്ണകർണാമൃതവും' കാവ്യങ്ങളെന്ന നിലയിൽ സഹൃദയശ്രദ്ധ പിടിച്ചുപറ്റിയ കൃതികളാണ്. മുട്ടിനുമുട്ടിന് അലങ്കാരങ്ങളോ, ഉക്തിവൈചിത്ര്യങ്ങളോ, അർത്ഥാന്തരങ്ങളുടെ കെട്ടിമറിച്ചിൽ ഉദ്ദേശിച്ചുകൊണ്ട് വരുത്തി തീർക്കാറുള്ള സങ്കീർണ്ണതയോ ഒന്നും പൂന്താനം കൃതികളിൽ കാണില്ല. തെളിഞ്ഞ ഒരു നീരരുവി

പോലെ സാരസ്വതം സ്വച്ഛന്ദമങ്ങനെ ഒഴുകിപോകുന്നു. അതിൽ മുങ്ങിത്തുടിക്കാൻ ആർക്കും അധികാരമുണ്ട്. ഈ കൃതികളുടെ രചനയിലൂടെ തന്റെ രചനാപാടവും പാണ്ഡിത്യവും പ്രകടിപ്പിക്കുകയെന്ന ലക്ഷ്യമായിരുന്നില്ല കവിക്കുണ്ടായിരുന്നത്. മണിപ്രവാള കൃതികളുടെ ലക്ഷ്യം അത്തരത്തിലുള്ളതായിരുന്നു. മണിപ്രവാളകർത്താക്കൾ കരവിരുതോടെ വർണിച്ചിരുന്നത് ജീർണമായ ഒരു സംസ്കൃതത്തിൽ വിടർന്നു നിൽക്കുന്ന സന്ദർഭങ്ങളോ ബന്ധവിശേഷങ്ങളോ പാത്രസ്വഭാവങ്ങളോ ആയിരുന്നു. ഭോഗാലസമായ ജീവിതത്തെയാണ് മണിപ്രവാള കവികൾ ആദർശവൽക്കരിച്ചിരുന്നത്. പൂന്താനം കൃതികൾ ഈ പ്രവണതക്കെതിരായുള്ള ഒരു ഞെട്ടിക്കൽ ചികിത്സയായാണ് ബഹുജനങ്ങൾക്കനുഭവപ്പെട്ടത്. അവർക്ക് സുഗ്രഹമായ ഒരു ലളിതഭാഷ അവരുടെ ഹൃദയത്തെ സ്പർശിക്കുന്ന ഭാവദീപ്തി അവരുടെ ജീവിതരീതികളെ സാധൂകരിക്കുന്നതും പുതിയൊരു ജീവിതദർശനം അവരിൽ കരുപ്പിടിപ്പിക്കുന്നതുമായ ഗഹനതത്വങ്ങളുടെ അസങ്കീർണത, സരസപ്രതിപാദനം ഇവയൊക്കെയാണ് പൂന്താനം കവിതകളുടെ പൊതുവായ പ്രത്യേകതകൾ, ആ കാവ്യങ്ങളുടെ ജനസമ്മതിക്കുള്ള മുഖ്യഹേതു അവയിൽ നിറഞ്ഞു നിൽക്കുന്ന ആത്മാർത്ഥതയും ഊഷ്മളതയും ആത്മാംശത്തിന്റെ സാന്ദ്രതയുമാണ്. സാധാരണമനുഷ്യന്റെ ദൈവചിന്തയെ ഭാവദീപ്തമായി അവതരിപ്പിക്കാൻ പരമഭക്തനായ പൂന്താനത്തിന് തന്റെ കൃതികളിലൂടെ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ കൃതികളുടെ ആനുകാലികപ്രസക്തി.

പൂന്താനത്തിന്റെ ഭക്തി പരാ ഭക്തിയാണ്. ആർത്തന്റേയും അർഥാർഥിയുടേയും ഭക്തിയല്ല. മന്നാശ, മദനാശ തുടങ്ങിയ ആശകൾ ഈശ്വരാശയോട് വൈരുധ്യം പുലർത്തുന്നു. മന്നാശ തുടങ്ങിയവക്ക് പിന്നാലെ പോകുന്നവൻ ഈശ്വരനെ ആഗ്രഹിക്കുന്നില്ല. ഈശ്വരാഭിമുഖ്യമുണ്ടാകാൻ ഭൗതികതാല്പര്യങ്ങളോടുള്ള ബന്ധം ഉപേക്ഷിച്ചേ മതിയാവൂ. ഈ സന്ദേശമാണ് അദ്ദേഹം തന്റെ കൃതികളിലൂടെ ആവിഷ്കരിച്ചത്.

‘‘മന്നാശയാലും മദനാശയാലും
പൊന്നാശയാലും മറുകുന്നു ലോകം
നിന്നാശകണ്ടീലൊരുവർക്കുമയ്യോ
കണ്ണാ! ശമം നൽക മാനസേമേ.’’

ഭക്തി അദ്ദേഹത്തിന് ഒരു ലഹരിയോ ആവേശമോ ആയിരുന്നു. ആരാധനാ ഭാവത്തിന് ആരുടെ അന്തരാത്മാവിൽ ഇടം കിട്ടിയിട്ടുണ്ടോ അവരെയൊക്കെ അവ വശീകരിക്കും. ആസ്തികരായ കേരളീയഹിന്ദുക്കൾ സാർവ്വത്രികമായി ദൈനംദിന സങ്കീർത്തനത്തിന് പൂന്താനത്തിന്റെ സ്തോത്രങ്ങൾ കൈക്കൊണ്ടതിന്റെ രഹസ്യം ഇതാണ്. സന്താനഗോപാലത്തിലെ ബ്രാഹ്മണൻ സാധാരണ ഭക്തജനങ്ങളുടെ പ്രതി നിധിയാണ്. തനിക്കുണ്ടാകുന്ന ഓരോ കുട്ടിയും മരിച്ചപ്പോൾ ആ ദുർയോഗത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ കൃഷ്ണനോട് അകമുരുകി പ്രാർത്ഥിക്കുന്നു. തന്റെ ആഗ്രഹം സാധിക്കാതെ വന്നപ്പോൾ അദ്ദേഹത്തെ പഴിക്കുകയും ഭത്സിക്കുകയും ചെയ്യുന്നു. കുട്ടികളെ വീണ്ടുകിട്ടിയപ്പോഴോ മാപ്പ് ചോദിക്കുന്നു. സ്തുതിക്കുന്നു കാലിൽവീഴു ന്നു. യഥാർത്ഥഭക്തി ഇതിൽ നിന്ന് വിഭിന്നമാണ്. കവി തന്റെ പേരിൽ ഈശ്വരനെ നിന്ദിക്കുന്നില്ല. മറിച്ച് തന്റെ ആരാധ്യദേവനായ ഉണ്ണികൃഷ്ണനിലേക്ക് കൂടുതൽ അടു ക്കുകയും അദ്ദേഹത്തിൽ സ്വന്തം കുഞ്ഞിനെ കണ്ട് ആനന്ദിക്കുകയും ചെയ്യുന്നു. ഇത്തരം ഭക്തിയാണ് പ്രേമഭക്തി. അതായത് പരമപ്രേമരൂപമായ ഭക്തി. ഈ ഭക്തി സാധകനെ സൽക്കർമ്മത്തിലേക്കും ജ്ഞാനത്തിലേക്കും നയിക്കുന്നു. ജീവിതത്തിന്റെ ക്ഷണികതയെപ്പറ്റിയുള്ള ദാർശനികബോധവും വ്യക്തിജീവിതത്തിലനുഭവിച്ച ദുരിത ങ്ങളുമാണ് അദ്ദേഹത്തെ അപരിമേയമായ ഈശ്വരനിൽ വിലയം പ്രാപിക്കാൻ പ്രേരി പ്പിച്ചിരുന്ന ശക്തി. ഇതു തന്നെ ക്രൈസ്തവദർശനം അവതരിപ്പിച്ചിരിക്കുന്ന കവിക ളിലും നമുക്ക് കണ്ടെത്താൻ കഴിയുന്നു. ‘‘ദൈവമെ അങ്ങ് എന്നെ അങ്ങേക്കായി സൃഷ്ടിച്ചിരിക്കുന്നു. അങ്ങിൽ ലയിക്കുന്നതു വരെ എന്റെ മനസ്സ് അസ്വസ്തമാണ് എന്ന് ഏറ്റുപറയുന്ന വി. അഗസ്തീനോസും മനുഷ്യജീവിതത്തിന്റെ ക്ഷണികതയെ പ്പറ്റി പ്രതിപാദിക്കുന്ന മേരി ജോൺ തോട്ടവും പറയുന്നത് ഇതുതന്നെയാണ്.

പൂന്താനകൃതികൾ സാധാരണക്കാരേയും ഭക്തജനങ്ങളെയുമാണ് കൂടുതൽ ആകർഷിച്ചു പോന്നിരുന്നത്. സാമൂഹികമായ ബന്ധം കൈവിട്ടുപോകാതെയുള്ള ആത്മാവിഷ്കാരമാണ് പൂന്താനം കവിതകൾ. വ്യക്തിപരമായ അനുഭവങ്ങളെ സാമൂ

ഹൃവൽക്കരിക്കുന്ന നയമാണ് അവയിൽ കാണുന്നത്. ഭോഗലോലുപമായ ജീർണിച്ച ഒരു സംസ്കാരത്തിൽ നിന്ന് അന്നത്തെ സമൂഹത്തെ സമുദ്ധരിക്കാൻ ശ്രമിച്ച കവി യായിരുന്നു പൂന്താനം. അദ്ദേഹം സമുദായോദ്ധാരണത്തിന് ഉപയോഗിച്ചത് ഭക്തി മാർഗമായിരുന്നു. പൂന്താനത്തിന്റെ കൃതികളിൽ അവശതയനുഭവിക്കുന്ന വിഭാഗ ങ്ങളെപ്പറ്റി നേരിയ തോതിലുള്ള പരാമർശങ്ങൾ കാണുന്നു. ആഢ്യബ്രാഹ്മണരുടെ ഹുങ്കം നിർദ്ധനബ്രാഹ്മണരുടെ ദൈന്യവും പൂന്താനം ചിത്രീകരിച്ചിട്ടുണ്ട്. അവശ രുടെ ജീവിതചിത്രീകരണമാണ് അദ്ദേഹത്തിന്റെ കൃതികളുടെ അന്തർഭാവം. ഭാവ ഗായകനായ പൂന്താനത്തെ വ്യക്തിപരമായ ചില അനുഭവങ്ങളും അന്നത്തെ സമൂ ഹത്തിന്റെ ദുർഗതിയും ഗണ്യമായി സ്വാധീനിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ കൃതികളിൽ ശോകം കടന്നുകൂടുകയും ചെയ്തു. അന്നത്തെ രീതിയിൽ നിന്ന് വ്യത്യ സ്തമായി ലളിതമലയാളഭാഷയിൽത്തന്നെ അദ്ദേഹം കവിതയെഴുതി. ഗഹനമായ വേദാന്തതത്ത്വങ്ങൾപോലും ലളിതമായി പ്രതിപാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മലയാളകവിതയുടെ തനിമയും ആ തനിമയുടെ കരുത്തും പൂന്താനം കൃതികളിൽ പ്രകടമാക്കുന്നു. ചരിത്രപരമായി പുരോഗമനസ്വഭാവമുള്ള ഒരു പ്രസ്ഥാനമാണ് ഭ ക്തിപ്രസ്ഥാനം. ആ പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവനയർപ്പിച്ച കവിപുംഗവനാണ് പൂന്താനം എന്നാണ് സി. അച്യുതമേനോൻ അഭിപ്രായപ്പെടുന്നത്. ആത്മാംശത്തിന് പ്രത്യേകിച്ച് വ്യക്തിഗതമായ വിഷാദഭാവത്തിന് പ്രധാന്യം നൽകുന്ന കൃതികളാണ് പൂന്താനത്തിന്റേത്. അതേ സമയം സമകാലികമായ സമൂഹത്തിന്റെ അവസ്ഥയും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ പ്രതിഫലനം നേരിയ തോതിൽ മാത്രമാണ് അദ്ദേഹത്തിന്റെ കൃതികളിൽ നിഴലിച്ചു കാണുന്നത്. ജ്ഞാനപ്പാനയിൽ സമൂഹവിമർശനപരമായ ഏറെ വരികളുണ്ട്. ആത്മബോധമില്ലാതെ ദുഷിച്ച പ്രവ ണതകൾക്കു വിധേയമായി ജീവിക്കുന്ന ജനവിഭാഗങ്ങളെയാണ് അദ്ദേഹം വിമർശ നബുദ്ധിയോടെ ചിത്രീകരിച്ചിട്ടുള്ളത്. അവരെ ഉദ്ധരിക്കാൻ അദ്ദേഹം ഭക്തിമാർഗ്ഗം സ്വീകരിക്കുകയും ചെയ്തു.

മോക്ഷപ്രാപ്തിക്ക് പല മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയിൽ സുപ്രധാനമായ ഒരു മാർഗ്ഗമാണ് ഭക്തിയോഗം. ഭഗവത്ഗീതയിൽ കർമ്മയോഗം, ജ്ഞാനയോഗം, രാജയോഗം, ഭക്തിയോഗം എന്നിങ്ങനെ നാല് ഉപാസനാമാർഗ്ഗങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ഒരേ ലക്ഷ്യത്തിലെത്താനുള്ള വിഭിന്ന മാർഗ്ഗങ്ങളായി ഇവ കരുതപ്പെടുന്നു. ഈ മാർഗ്ഗങ്ങൾ പരസ്പരപൂരകങ്ങളാണ്. വിവിധ നിലകളിലുള്ളവർക്ക് തങ്ങളുടെ കഴിവിനും സാഹചര്യത്തിനുമനുസരിച്ചുള്ള ഒരു മാർഗ്ഗം ഈ യോഗ ചതുഷ്ടയിൽനിന്നും യഥേഷ്ടം തിരഞ്ഞെടുക്കാവുന്നതാണ്. വൈദിക കാലഘട്ടത്തിന്റെ പൂർവ്വാർത്ഥത്തിൽ വേദങ്ങളിലെ കർമ്മകാണ്ഡത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തം ഉൾക്കൊള്ളാൻ സാമാന്യജനത്തിന് കഴിയാതെവന്നപ്പോഴാണ് രാമാനുജാചാര്യൻ ഭക്തിയുടെ സന്ദേശവുമായി സമൂഹമധ്യത്തിലേക്ക് ഇറങ്ങി വന്നത്. ഭാരതത്തിൽ മധ്യയുഗം മുതൽ ഭക്തി ഒരു പ്രസ്ഥാനമായി വളർന്നു വികസിക്കാൻ തുടങ്ങി. ഈ പ്രസ്ഥാനത്തിന് ഏറെ സംഭാവനകൾ നല്കിയ കവിയാണ് പൂന്താനം. അദ്ദേഹത്തിന്റെ ലളിത സുന്ദരങ്ങളായ കാവ്യങ്ങളും നിസ്തുലമായ കീർത്തനങ്ങളും കേരളീയ ജനതയുടെ ലഹരിയായി മാറിയിട്ടുണ്ട്. ഭക്തിയും ദർശനവും അദ്ദേഹത്തിന്റെ കൃതികളെ സമ്പന്നമാക്കുന്നു. മധുരവും ലളിതവുമായ പൂന്താനം കവിതകളും കീർത്തനങ്ങളും ഒരു ഭക്തന്റെ ഈശ്വരോന്മുഖമായ അർച്ചനാസൂനങ്ങളാണ്. ഉപനിഷത്തുകളിലും പുരാണേതിഹാസങ്ങളിലും വിവരിച്ചിട്ടുള്ള ആശയങ്ങൾ പാമരഹൃദയങ്ങളിൽ അവതരിപ്പിക്കുകയാണ് പൂന്താനം ചെയ്യുന്നത്. വിദഗ്ധനായ കർഷകനെപ്പോലെ മാനവഹൃദയങ്ങളിൽ സംസ്കാരത്തിന്റെ വിത്ത് ധർമ്മബോധത്തിന്റെ വളം ചേർത്ത് വിതയ്ക്കുകയാണ് പൂന്താനം ചെയ്തിരിക്കുന്നത്. പ്രപഞ്ചോല്പത്തിയും ഭൂമിയുടെ വൈശിഷ്ടതയും അദ്ദേഹം തന്റെ കവിതയിലൂടെ വെളിപ്പെടുത്തുന്നു. ദുഃഖവിമോചനവും ആത്മശാന്തിയും തേടുന്നവർ അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പറ്റി വിശദമായ വിവരണവും തന്റെ കൃതികളിലൂടെ പൂന്താനം നൽകുന്നു. ജീവിതത്തിലനുഭവപ്പെടുന്ന വിചിത്രങ്ങളും അത്ഭുതകരങ്ങളുമായ സംഭവങ്ങളുടെ അനുസ്മരണത്തിലൂടെ മനു

ഷ്യന്റെ നിസ്സഹായത കവി വ്യക്തമാക്കുന്നു. സംസാരചക്രത്തിൽപ്പെട്ട് ഉഴലുന്നവർ ജ്ഞാനത്തിന്റെ മാർഗ്ഗം കണ്ടെത്തണമെന്ന് അദ്ദേഹം അഭിലഷിക്കുന്നു. കർമ്മരഹിതമായ ബ്രഹ്മത്തിൽ നിന്ന് സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ കർമ്മമണ്ഡലം ഉരുത്തിരിയുന്നു. പരമാത്മാവുതന്നെ സത്വരജോസ്തമോഗുണങ്ങളായി പിരിയുന്നു. കർമ്മഫലം, സ്വർഗ്ഗനരകങ്ങൾ, പുനർജന്മം എന്നിവ ഏവർക്കും മനസ്സിലാകുംവിധം ലളിതമായിട്ടാണ് പൂന്താനം തന്റെ കവിതയിൽ പ്രതിപാദിക്കുന്നത്. കാലഹരണപ്പെടാത്ത ചിന്താരത്നങ്ങളാണ് ശുദ്ധമായ മലനാട്ടുഭാഷയിൽ കവി നമുക്കു നൽകിയിരിക്കുന്നത്. ദുരിതപൂരിതമായ സംസാരജീവിതത്തിൽ മോചനത്തിന് ഒരു വഴിയേ ഉള്ളൂ. അത് ഈശ്വരചിന്തയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. മനുഷ്യായുസ്സുകൊണ്ട് നേടേണ്ട പരമപുരുഷാർത്ഥമായ മോക്ഷം നാമജപംകൊണ്ട് സാധിക്കും. ദുഃഖംകൊണ്ട് പരിപാകം വന്ന മാനവചിത്തത്തിൽ നിന്നുയരുന്നനിഷ്കളങ്കവും നിർവ്യാജസുന്ദരവുമായ ജീവിതദർശനമാണ് പൂന്താനത്തിന്റേത്. ഭക്തിയും അതിൽ നിന്നു രൂപം കൊണ്ട ദർശനവും പൂന്താനം കൃതികളെ സമ്പുഷ്ടമാക്കുന്നു.

ഉപസംഹാരം

മുൻപു വന്ന മൂന്നധ്യായങ്ങളിലെ കണ്ടെത്തലുകളെ ഒന്നടുക്കിപ്പറയുകയാണ് ഉപസംഹാരം എന്ന നാലാം അധ്യായത്തിൽ. ആരോഗ്യകരമായൊരു ജീവിതദർശനവും തത്ത്വചിന്തയും ഭക്തിബോധവും ഉയർത്തുന്ന കൃതികളാണ് പൂന്താനം കൃതികൾ. സമൂഹത്തിൽ കണ്ടുവരുന്ന തിന്മകളേയും ദുരാചാരങ്ങളേയും സ്വാർത്ഥപ്രവണതകളേയും പൂന്താനം തന്റെ കൃതികളിലൂടെ നിശിതമായി വിമർശിക്കുന്നു. ഐഹികജീവിതത്തിന്റെ നിരർത്ഥകതയെ ചൂണ്ടിക്കാട്ടുകയും ഈശ്വരസാക്ഷാത്കാരത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ അദ്ദേഹം തന്റെ കൃതികളിലൂടെ ഉദ്ബോധിപ്പിക്കുന്നു. കാലത്തിന്റെ ചൂടും ചൂരും ഉൾക്കൊണ്ട് കാലാതിവർത്തിയായി നിലകൊള്ളുന്ന വിശ്വമാനവികതയുടെ കവിതകളാണവ. ലളിതവും മധുരവും സുതാ

ര്യവും പ്രസാദസുന്ദരവുമായ ആ ഗാനകല്ലോലിനിയിൽ ഒന്നു മുങ്ങി നിവർത്താൻ ഏതു മൂകനും വാചാലനാകും. ഏതു ഭക്തനും തത്ത്വചിന്തകനാകും. തലമുറകളുടെ സജീവവും ചൈതന്യപൂർണവുമായ പുരാസ്മൃതികളിൽ ഇന്നും പൂന്താനം ജീവിക്കുന്നത് ഈ കൃതികളിലൂടെയാണ്. അർത്ഥമറിഞ്ഞും ,അറിയാതെയും അദ്ദേഹത്തിന്റെ കൃതികൾ കേരളത്തിലങ്ങോളമിങ്ങോളം പാരായണം ചെയ്യപ്പെട്ടിരുന്നു. പൂന്താനത്തിന്റെ കൃതികളെപ്പറ്റി സാഹിത്യപരമായ പഠനങ്ങൾ ധാരാളമുണ്ടായിട്ടുണ്ടെങ്കിലും ക്രൈസ്തവദർശനത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ ഇതുവരെ ഉണ്ടായതായി കാണുന്നില്ല.

പൂന്തേനാം പലകാവ്യം കണ്ണനുനിവേദിച്ച
പൂന്താനം ജ്ഞാനപ്പാന പാടിയ പുംസ്കോകിലം

എന്ന് മഹാകവി വള്ളത്തോളിനാൽ സംസ്തുതനായ പൂന്താനം നമ്പൂതിരിയുടെ കാവ്യങ്ങൾ മലയാളത്തിനു ലഭിച്ച വരപ്രസാദമാണ്. തനി വള്ളുവനാടൻ ഭാഷയിൽ രചിച്ച പൂന്താനത്തിന്റെ കാവ്യങ്ങളും കീർത്തനങ്ങളും കേരളീയരുടെ മുഴുവൻ ലഹരിയായിത്തീർന്നിട്ടുണ്ട്. സാധാരണ മനുഷ്യരുടെ വിമോചനവീഥി തെളിച്ച ഭക്തിപ്രസ്ഥാനത്തിൽ പൂന്താനം കൃതികൾക്കുള്ള സ്ഥാനം ക്രൈസ്തവദർശനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്താൻ ഇവിടെ പരിശ്രമിച്ചിരിക്കുന്നു.

ഭാരതീയ വിചാര പദ്ധതികളുടെ ചരിത്രത്തിലുടനീളം മാനവപുരുഷാർത്ഥങ്ങളുടെ കർമ്മ ക്ഷേത്രമായ ഈ സാധാരണ ജഗത്തിന്റെ പിന്നിൽ മറ്റൊരു ലോകത്തെക്കുറിച്ചുള്ള ആദർശം ഭാരതജനതക്കൊരു ബാധയായി തുടർന്നുവന്നിട്ടുണ്ട്. അത് കൂടുതൽ യഥാർത്ഥവും നിഗൂഢവുമാണ്. മറ്റെല്ലാ വിചാരപദ്ധതികളെപ്പോലെതന്നെ ഭാരതീയ വിചാരപദ്ധതികളെപ്പറ്റി അന്വേഷണം നടത്തുന്ന ഒരാൾക്ക് ജീവിതത്തിന്റെ രഹസ്യത്തോടൊപ്പം തന്നെ അതിന്റെ വിശാലതയും അതിന്റെ സൗന്ദര്യവും അതിനെ മനസ്സിലാക്കാനുള്ള മനുഷ്യപ്രയത്നത്തിന്റെ സ്ഥായിത്വവും ബോധ്യപ്പെടുന്നതാണ്. പാരമ്പര്യത്തോടുള്ള കൂറും സത്യത്തോടുള്ള ഭക്തിയുമാണ്

ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ഭാരതീയ ചിന്തകന്മാരുടെ എല്ലാ പ്രയത്നങ്ങളിൽ കൂടിയും കടന്നു പോകുന്ന തുല്ല്യങ്ങളായ രണ്ടിഴകൾ. പൂർവ്വികന്മാർ സ്ഥാപിച്ച തത്ത്വങ്ങൾ ആദ്ധ്യാത്മിക മന്ദിരങ്ങളിൽ ഉറപ്പിച്ച അടിസ്ഥാനശിലകളാണെന്നും അവയ്ക്ക് കളങ്കം ചാർത്തുന്നത് തന്റെ സ്വന്തം സംസ്ക്കാരത്തെത്തന്നെ അപകീർത്തിപ്പെടുത്തുകയാണെന്നും ഓരോ ചിന്തകനും മനസ്സിലാക്കുന്നുണ്ട്. ജീവിതത്തെ ക്രമപ്പെടുത്തലും കർമ്മത്തിന് മാർഗ്ഗദർശനം ചെയ്യലുമാണ് ദർശനത്തിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം സഫലമാക്കാൻ പൂന്താനത്തിന് തന്റെ കൃതികളിലൂടെ കഴിഞ്ഞിരിക്കുന്നു.

ഈ പഠനമാകെ അവലോകനം, വിശകലനം, താരതമ്യം എന്നീ വിവിധ തലങ്ങളിൽ നിന്നു കൊണ്ടാണ് നിർവ്വഹിച്ചിരിക്കുന്നത്. പൂന്താനത്തെയും പൂന്താനത്തിന്റെ ദർശനത്തെയും കുറിച്ച് പഠിക്കുന്നവർക്ക് ഏറെ ഉൾക്കാഴ്ച നൽകുവാനുള്ള എളിയശ്രമമാണ് ഈ പഠനം. സനാതനങ്ങളായ ദർശനങ്ങൾക്ക് ഒരു കാലത്തും ഒരു ദേശത്തും മങ്ങലുണ്ടാവുകയില്ല എന്ന ഉൾക്കാഴ്ച ഈ പ്രബന്ധവായനയിലൂടെ ഓരോ മനുഷ്യനും ലഭിക്കുമെന്നതിൽ സംശയമില്ല. എല്ലാ മനുഷ്യരും ഈശ്വരന്റെ മുമ്പിൽ തുല്ല്യരാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരാൻ ഈ പഠനം സഹായിക്കുന്നതാണ്. കാലാതിവർത്തിയായി നിൽക്കുന്ന വിശ്വമാനവികതയുടെ കവിതയെഴുതിയ പൂന്താനത്തെ ആഴത്തിലറിയാൻ സാഹിത്യപഠിതാക്കൾക്ക് ഈ ഗവേഷണ പഠനം സഹായകമായിത്തീരുമെന്നാണ് എന്റെ ഉറച്ച വിശ്വാസം.

ബന്നിച്ചൻ സ്കറിയാ

പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി